പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4845 | 19.05.2017 ന് മറുപടിയ്ക്ക്.

## വ്യാവസായിക പരിശീലന വകുപ്പിന്റെ പ്രവർത്തനങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എം. സ്വരാജ്:<br>,, എൻ. വിജയൻ പിള്ള<br>ശ്രീമതി.വീണാ ജോർജ്ജ്<br>ശ്രീ.എം. നൗഷാദ് : | ശ്രീ. ടി.പി. രാമകൃഷ്ണൻ.<br>(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) വ്യാവസായിക പരിശീലന വകുപ്പിന്റെ പ്രവർത്തനങ്ങൾ അവലോകനം ചെയ്തിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) ഐ.ടി.ഐ.കളുടെ നവീകരണത്തിനും ആധുനികവത്ക്കരണത്തിനുമായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ; | (ബി) ഐ.ടി.ഐ.കളുടെ നവീകരണത്തിനും ആധുനികവത്ക്കരണത്തിനുമായി ഐ.ടി.ഐ. കളുടെ നവീകരണം, മരാമത്ത് പണികൾ (മൂലധന ശീർഷകം) വനിത ഐ.ടി.ഐ.കളുടെ നിലവാരം ഉയർത്തൽ , ഭാഷാ ന്യൂനപക്ഷ പ്രദേശത്തെ ഐ.ടി.ഐ.കളുടെ ശാക്തീകരണം, ഐ.ടി.ഐ.കളെ ഉത്കൃഷ്ട സ്ഥാപനങ്ങളായി ഉയർത്തൽ (75% കേന്ദ്രാവിഷ്കൃത പദ്ധതി) മാതൃക ഐ.ടി.ഐ സ്ഥാപിക്കൽ (70% കേന്ദ്രാവിഷ്കൃത പദ്ധതി) തുടങ്ങിയ പദ്ധതികളിലൂടെ തുക ബഡ്ജറ്റിൽ വകയിരുത്തി ഐ.ടി.ഐ.കളിൽ കെട്ടിട നിർമ്മാണം, ഇലക്ട്രിഫിക്കേഷൻ, റീവയറിംഗ്, ക്ലാസ്റൂം / വർക്ക്ഷോപ്പ് / ഹോസ്റ്റൽ തുടങ്ങിയ കെട്ടിടങ്ങളുടെ നവീകരണം, വിവിധ ട്രേഡുകളിലേക്ക് ആവശ്യമായ യന്ത്രങ്ങളുടേയും, ഉപകരണങ്ങളുടേയും സംഭരണം എന്നിവയ്ക്കാവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) കാലഹരണപ്പെട്ടതും തൊഴിൽ സാധ്യത ഇല്ലാത്തതുമായ ട്രേഡുകൾ നിറുത്തലാക്കി, തൊഴിൽ സാധ്യത ഏറിയ ട്രേഡുകൾ ആരംഭിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (സി) തൊഴിൽ സാധ്യത ഇല്ലാത്തതും കാലഹരണപ്പെട്ടതുമായ ട്രേഡുകൾ നിർത്തലാക്കി തൊഴിൽ സാധ്യതയേറിയതും നവീനവുമായി ട്രേഡുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. 2014-2015 വർഷത്തിൽ ഡയറക്ടർ ജനറൽ ഓഫ് ട്രെയിനിംഗ് പ്രയോജനപ്രദമല്ലാത്തതും തൊഴിൽ സാധ്യത ഇല്ലാത്തതുമായ |

20-ഓളം ട്രേഡുകൾ ക്രാഫ്റ്റ്സ്മാൻ ട്രെയിനിംഗ് സ്കീമിൽ നിന്നും ഒഴിവാക്കിയിരുന്നു. സംസ്ഥാനത്തെ സർക്കാർ ഐ.ടി.ഐകളിൽ നിന്ന് ടി ട്രേഡുകളുടെ യൂണിറ്റുകൾ നിർത്തലാക്കുകയും പകരം നൂതനവും തൊഴിൽ സാധ്യത ഉള്ളതുമായ ട്രേഡുകളുടെ 285 യൂണിറ്റുകൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. 2017–2018 വർഷത്തിലും ഇത്തരത്തിലുള്ള നടപടി സ്വീകരിക്കുന്നതിനുള്ള ശുപാർശ പരിശോധിച്ചു വരുന്നു.

(ഡി) വ്യാവസായിക പരിശീലന രംഗത്ത് സ്ത്രീ-പുരുഷ അന്തരം കുറയ്ക്കുന്നതിനായി, വനിതാ ഐ.ടി.ഐ.കളുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനും മെച്ചപ്പെട്ട സൗകര്യങ്ങൾ ഒരുക്കുന്നതിനും നടപടി സ്വീകരിക്കുമോ?

(ഡി) സർക്കാർ ഐ.ടി.ഐകളിലെ എല്ലാ ട്രേഡുകളിലെയും പ്രവേശനത്തിന് സർക്കാർ 30% സീറ്റ് സ്ത്രീകൾക്കായി സംവരണം ചെയ്തിട്ടുണ്ട്.

വനിതാ ഐ.ടി.ഐ.കളുടെ നിലവാരം ഉയർത്തൽ പദ്ധതിയിലൂടെ നിലവിൽ രണ്ടാം നിരയിലുള്ള ചെങ്ങന്നൂർ, കളമശ്ശേരി, ചാലക്കുടി, മലമ്പുഴ, കണ്ണൂർ എന്നീ അഞ്ച് വനിത ഐ.ടി.ഐ കളുടെ നിലവാരം ഉയർത്തുന്നതിന് കൂടുതൽ ട്രേഡുകൾ ആരംഭിക്കുന്നതിനും ഇതിന് ആവശ്യമായ കെട്ടിട നിർമ്മാണം, ഉപകരണ സംഭരണം എന്നിവയ്ക്കുവേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു.

Bindu

സെക്ഷൻ ഓഫീസർ